(സി) പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കേ പ്രസ്തുത തസ്തിയയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര പേർക്ക് അനധികൃത നിയമനം നൽകിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലുമായി ഇപ്പോൾ എത്ര പമ്പ് ഓപ്പറേറ്റർ തസ്തികകളിലെ ഒഴിവുകളാണ് നിലവിലുള്ളത് ;

(ഇ) പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ അനധികൃത നിയമനങ്ങൾ ക്യാൻസൽ ചെയ്യാനും പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റ് 26-11-2009 ലാണ് നിലവിൽ വന്നത്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് 695 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 628 പേരെ പി.എസ്.സി.അഡ്വൈസ് ചെയ്ത് നിയമന ഉത്തരവ് നൽകി. നിയമന ഉത്തരവിൻപ്രകാരം സർവ്വീസിൽ പ്രവേശിക്കാതിരുന്നിട്ടുള്ള 96 എൻ.ജെ.ഡി.ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിൽ അനധികൃത നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി കോൺട്രാക്ടർ മുഖേന താൽക്കാലികമായി ദിവസക്കൂലിയിൽ തൊഴിലാളികളെ നിയോഗിച്ച് പദ്ധതികൾ പ്രവർത്തിപ്പിക്കാറുണ്ട്.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുൾപ്പെടെ (Advice ഇനിയും ലഭിക്കാത്തത്) 176 ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഇ) ഒഴിവുകളിലേയ്ക്ക് അനധികൃത നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ കോൺട്രാക്ടർ മുഖേന ദിവസക്കൂലിയിൽ തൊഴിലാളികളെ വച്ച് ചില പദ്ധതികൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നുണ്ട്. ഇവിടങ്ങളിൽ പി.എസ്.സി.ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുന്ന മുറയ്ക്ക് കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും.

വാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

132 (6291) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ വാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ 10 % ആയി ഉയർത്തിയത് ജലവിഭവ വകുപ്പിലും ജല അതോറിറ്റിയിലും നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 10 % പ്രൊമോഷൻ ലഭിക്കുന്നതിനായി ജീവനക്കാർ എത്ര പ്രാവശ്യം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ കൈക്കൊണ്ട തീരുമാനം എന്തെന്നും വെളിപ്പെടുത്തുമോ ;

(ഡി) അതോറിറ്റിയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വർഷങ്ങളായി നിലനിന്നിരുന്ന ഓവർസിയർ തസ്തികയിലേക്കുള്ള ട്രാൻസ്ഫർ പ്രൊമോഷൻ നിഷേധിച്ചത് എന്നു മുതലാണ് ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള പ്രൊമോഷൻ ഐ.ടി.ഐ/ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് 10% നൽകിയ പുതിയ ഉത്തരവ് പുറപ്പെടുവിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ജലസേചന വകുപ്പിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതോറിറ്റി ജീവനക്കാർക്കും അനുപാതം 10% ബാധകമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ തസ്തിക മാറ്റംവഴി ഓവർസിയർ ഗ്രേഡ്-3 ആയി നിയമനം നടത്തുവാൻ നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്നില്ല. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഓവർസിയർ ഗ്രേഡ്-3 തസ്തികയിലേക്കുള്ള നിയമനം നേരിട്ടും ബ്ലൂ പ്രിന്റർ തസ്തികയിൽനിന്നും ഉദ്യോഗക്കയറ്റം വഴിയും 1 : 1 എന്ന അനുപാതത്തിലാണ് നിയമിക്കുന്നത്. വാനിഷിംഗ് കാറ്റഗറി ആയതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ നിലവിൽ ബ്ലൂപ്രിന്റിംഗ് സംവിധാനം നിലവിലില്ല. ആയതിനാൽ ബ്ലൂ പ്രിന്റർ തസ്തികയും നിലവിലില്ല. അതിനാൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബ്ലൂ പ്രിന്റർ ആയി ഉദ്യോഗക്കയറ്റം നടത്തുവാനോ അത് വഴി ബ്ലൂ പ്രിന്റർമാരെ ഓവർസിയർഗ്രേഡ് -3 ആയി ഉദ്യോഗക്കയറ്റം നൽകി നിയമിക്കുവാനോ നിർവ്വാഹമില്ല. ബ്ലൂപ്രിന്റർമാരെ ഉദ്യോഗക്കയറ്റം വഴി ഓവർസിയർ ഗ്രേഡ് - 3 ആയി അവസാനം നിയമിച്ചത് 19-6-1999-ലാണ്.

(ഇ) ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly